**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 689** **09-08-2023 - ൽ മറുപടിയ്ക്ക്**

**കയറുൽപാദന സഹകരണ സംഘങ്ങൾക്ക് സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷത്തിൽ കയറുല്പാപാദന സഹകരണ സംഘങ്ങളെയും കയറുല്പാദന സഹകരണ സംഘങ്ങളിലെ യന്ത്രവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കയർ സംഘങ്ങൾക്ക് വിവിധ കയർ ഉൽപാദന ഉപകരണങ്ങൾ നല്കിയിരുന്നതുപോലെ എന്തെങ്കിലും സഹായ പദ്ധതികൾ കയർ സഹകരണ സംഘങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ തുടർച്ചയായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നാളിതുവരെ 33.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | നൽകിയ യന്ത്രങ്ങൾ ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്തുന്നുവെന്നും പോരായ്മകൾ എന്തെങ്കിലും ഉണ്ടോയെന്നും എങ്കിൽ ആയതു പരിശോധിക്കുന്നതിന് നടപടികൾ കൈകൊണ്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാന കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡാണ് കയർ സംഘങ്ങൾക്ക് വിവിധ കയർ ഉൽപാദന ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത് പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട്, കാലാനുസൃതമായ യന്ത്രവൽകരണത്തിലൂടെയും ഉൽപ്പന്ന വൈവിധ്യവല്കരണത്തിലൂടെയും കയർ മേഖലയുടെ നവീകരണത്തിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br><br>പോരായ്മകൾ റിപ്പോർട്ട് ചെയ്താൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ